THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

# GRADE 5
# QUESTION BANK

## പാഠം : 7
## കാകന്റെ അഹങ്കാരം

### അർഥം

തനയൻ - മകൻ

മുന്നം - പണ്ട്

വളർത്താർ -അവർ വളർത്തി

പുളയ്ക്കുക -അഹങ്കരിക്കുക

മദം - അഹങ്കാരം

ആഴി -കടൽ

മേനി -ശരീരം

വെൺമ -വെളുപ്പ്

വായസം - കാക്ക

കാകൻ - കാക്ക

ഉദധി - സമുദ്രം

ഗണം - കൂട്ടം

### പര്യായം

പുത്രൻ - തനയൻ , പുത്രൻ

കാക്ക - കാകൻ , വായസം

അരയന്നം - ഹംസം , അന്നം

ദിവസം - ദിനം , വാസരം

### വിഗ്രഹിക്കുക

അതിമോദം - അതിയായ മോദം

വായസഗണം - വയസങ്ങളുടെ ഗണം

വൈശ്യതനയന്മാർ - വൈശ്യന്മാരുടെ തനയന്മാർ

അർഥം വിശദീകരിക്കുക

" വേലി ചാടുന്ന പശുവിന് കോലുകൊണ്ട് മരണം "

"വേലി ചാടുന്ന പശുവിന് കോലുകൊണ്ട് മരണം"
എന്ന വാക്യത്തിനു പാഠവുമായി നല്ല ബന്ധമുണ്ട് . ആര് അഹങ്കരിച്ചാലും അവർക്ക് ആപത്ത് നിശ്ചയം എന്നാണ് ഈ വാക്യവും പാഠവും തെളിയിക്കുന്നത്.വേലി മറികടക്കാതിരിക്കാൻ ആണ് , അതിനെ ധിക്കരിക്കുന്നത് അഹങ്കാരമാണ് . അതുപോലെ ധിക്കാരം കാണിക്കുന്ന ആർക്കും അവസാനം കാക്കയുടെ അനുഭവമുണ്ടാകും. സൗമ്യ ജീവിയാണ് അരയന്നം എത്ര പറന്നാലും ചിറക് തളരാത്ത പക്ഷി .കാക്ക അഹങ്കാരി ആയിട്ടാണ് അവരെ വെല്ലുവിളിച്ചത് അതിന്റെ ഫലവും ലഭിച്ചു . ഈ കഥ തെളിയിക്കുന്നത് അഹങ്കാരം ആപത്ത് എന്നാണ്.

കുറിപ്പെഴുതുക

എഴുത്തച്ഛൻ

മലയാള ഭാഷയുടെ പിതാവാണ് എഴുത്തച്ഛൻ.തുഞ്ചത്തെ രാമാനുജൻ എഴുത്തച്ഛൻ എന്ന് പൂർണ്ണനാമധേയം.16 നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. ഉത്തരകേരളത്തിലെ പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത് തൃക്കണ്ടിയൂരിൽ തുഞ്ചൻപറമ്പിലാണ് ജനിച്ചത്. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കൂടിയാണ്ഇദ്ദേഹം.മഹാഭാരതം കിളിപ്പാട്ട്, ശ്രീമഹാഭാഗവതം കിളിപ്പാട്ട്, ആധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവ പ്രശസ്ത കൃതികളാണ്.

ശീർഷകം മാറ്റാം

കാക്കയും അരയന്നവും

1 , പ്രധാന കഥാപാത്രങ്ങൾ കാക്കയും അരയന്നവുമാണ്.
2 , കാക്കയാണ് അരയന്നത്തെ കടൽ കടക്കാൻ വിളിക്കുന്നത്.
3 , കാക്കയാണ് പരാജയപ്പെടുന്നത്.
4 , കാക്കയുടെ പതനമാണ് പ്രധാനം.

അതുകൊണ്ടുതന്നെ ഈ പേര് യോഗ്യമാണ്.